**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3051** **10.12.2018-ൽ മറുപടിയ്ക്ക്**

# പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജി.ഒ.(എം.എസ്) നം.79/2013/പി.ഡബ്ല്യൂ.ഡി. തീയതി. 28/03/2013, സർക്കാർ ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളും, അനുബന്ധ കാര്യാലയങ്ങളും സ്ഥാപിതമായി. വിവിധതരം ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനായി ആധുനിക ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ വസ്തുക്കളുടെ സാമ്പിളുകൾ മേൽപ്പറഞ്ഞ ജില്ലാ ലാബോറട്ടറികളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കോൺക്രീറ്റിംഗ് ടാറിങ് തുടങ്ങിയ സൈറ്റുകളിൽ, "ക്വാളിറ്റി കൺട്രോൾ" പരിശോധനാ വിഭാഗം നേരിട്ട് എത്തി പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തുകയും ചെയ്തു വരുന്നു. |
| (ബി) | സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ നയപരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | G.O.(MS) No.01/2018/PWD - തീയതി 05/01/2018 പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിക്കുകയും സോഷ്യൽ ഓഡിറ്റ് സമിതികളുടെ കടമകളും ചുമതലകളും സ്പഷ്ടീകരിച്ചും ഉത്തരവായിട്ടുണ്ട്.<br>ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് |

സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെ പറയുന്ന ശുപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

(എ) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ.

(ബി) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശുപാർശ ചെയ്യുക.

(സി) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക.

(ഡി) സി.റ്റി.ഇ. അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക.

**(സി)** ക്വാളിറ്റി കൺട്രോൾ, സോഷ്യൽ ഓഡിറ്റിംഗ്, ടെക്നിക്കൽ ഓഡിറ്റിംഗ് ഇവ സംയോജിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരി ച്ചിട്ടുണ്ടോ;വിശദമാക്കാമോ?

**(സി)** പൊതുമരാമത്ത് വകുപ്പിൽ നിലവിൽ നടന്നുവരുന്ന ത്രിതല ഗുണനിലവാര പരിശോധനയുടെ ഭാഗമായി ഒരു പ്രവൃത്തിയിൽ ക്വാളിറ്റി കൺട്രോൾ ആവശ്യമെങ്കിൽ ടെക്നിക്കൽ ഓഡിറ്റിംഗ് എന്നിവ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലായി വരുന്നതേയുള്ളൂ എന്നതിനാൽ, പൂർണ്ണമായും നടപ്പിലാകുമ്പോൾ അതും ത്രിതല ഗുണനിലവാര പരിശോധനയുടെ ഭാഗമാകുന്നു.

സെക്ഷൻ ഓഫീസർ